**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2053** **03-03-2025 - ൽ മറുപടിയ്ക്ക്**

**വ്യാജ ഓൺലൈൻ ട്രേഡിംഗ് ആപ്പ് തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജ ഓൺലൈൻ ട്രേഡിംഗ് ആപ്പ് തട്ടിപ്പ് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് നാഷണൽ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ 2024-ൽ കേരള പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും ആയതു വഴി എത്ര പേർക്ക് പണം ലഭ്യമായി എന്നും വ്യക്തമാക്കുമോ; | (ബി) | 2024-ൽ വ്യാജ ഓൺലൈൻ ട്രേഡിങ്ങ് ആപ്പ് തട്ടിപ്പുമായി ബന്ധപ്പെട്ട് National Cyber Crime Reporting Portal (NCRP) -ൽ കേരള പോലീസ് 3356 പരാതികൾ രജിസ്റ്റർ ചെയ്യുകയും, 748 പേർക്ക് പണം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇപ്രകാരമുള്ള തട്ടിപ്പുകളിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | വ്യാജ ഓൺലൈൻ ട്രേഡിംഗ് തട്ടിപ്പുകൾ തടയാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>• വ്യാജ ഓൺലൈൻ ട്രേഡിംഗ് ആപ്പുകൾ, സോഷ്യൽ മീഡിയയിലൂടെയുള്ള തട്ടിപ്പുകൾ എന്നിവ തടയാൻ കേരള പോലീസ് സൈബർ ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.<br>• സാമ്പത്തിക തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന 1930 NCRP ഹെൽപ്പ് ലൈൻ ലഭ്യമാണ്.<br>• സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് അവബോധം നൽകാൻ 7769 സൈബർ വോളണ്ടിയർമാർക്ക് പരിശീലനം നൽകി.<br>• വിവിധ വിഭാഗങ്ങളിലുള്ളവർക്കായി ഓൺലൈൻ, ഓഫ് ലൈൻ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു.<br>• മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ വഴി സൈബർ സുരക്ഷാ ടിപ്പുകൾ, പോസ്റ്ററുകൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ പ്രചരിപ്പിക്കുന്നു.<br>• സ്ത്രീകൾ ഉൾപ്പെടെയുള്ള പ്രശസ്തരായ വ്ളോഗേഴ്സിനെ ഉൾപ്പെടുത്തി സൈബർ കുറ്റകൃത്യങ്ങൾ ആസ്പദമാക്കി ഹ്രസ്വചിത്രങ്ങളും മറ്റും ചിത്രീകരിച്ച് പ്രചരിപ്പിച്ച് അവബോധം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ